പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1094 | 30.11.2018 ന് മറുപടിയ്ക്ക്.

## വളയം ഐ.ടി.ഐ

ചോദ്യം | ഉത്തരം

ശ്രീ.ഇ.കെ.വിജയൻ :

ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) വളയം ഐ.ടി.ഐ കേന്ദ്രത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ; | | (എ) വളയം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് ഉൾക്കൊള്ളുന്ന കെട്ടിടത്തിലാണ് നിലവിൽ വളയം ഐ.ടി.ഐ പ്രവർത്തിക്കുന്നത്. പരിമിതമായ സൗകര്യത്തിൽ പ്രവർത്തിക്കുന്ന ടി ഐ.ടി.ഐയിൽ ഡി/സിവിൽ, ഇലക്ട്രീഷ്യൻ എന്നീ രണ്ട് ട്രേഡുകളാണ് നിലവിലുള്ളത്. ഐ.ടി.ഐയ്ക്ക് സ്വന്തമായ കെട്ടിടം നിർമ്മിക്കുന്നതിന് ടൗണിൽ നിന്നും 1 കി.മീറ്റർ മാറി 1.01 ഏക്കർ ഭൂമി പഞ്ചായത്ത് വാങ്ങി നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത ഐ.ടി.ഐ. യുടെ കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതി എന്ന് ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ; | | (ബി) വളയം ഐ.ടി.ഐയുടെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട മാസ്റ്റർ പ്ലാൻ തയ്യാറാക്കി വിശദമായ എസ്റ്റിമേറ്റ് ട്രെയിനിംഗ് ഡയറക്ടർ ലഭ്യമാക്കുന്ന മുറയ്ക്ക് സർക്കാർ ഈ വിഷയം പരിശോധിക്കുന്നതാണ്. |
| (സി) നടപ്പ് സാമ്പത്തിക വർഷത്തിൽ എത്ര രൂപ പ്രസ്തുത നിർമ്മാണത്തിന് വകയിരുത്തിയിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ? | | (സി) നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തെ മൊത്തം ഐ.ടി.ഐ.കളിലെ നിർമ്മാണ പ്രവർത്തിക്കായി മൊത്തം 35.5 കോടി രൂപ ക്യാപിറ്റൽ ഹെഡിൽ അനുവദിച്ചിട്ടുണ്ട്. ഇതിൽ നിന്നും ആനുപാതിക തുക ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ